**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **05-02-2026 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസ് മേഖലയിലെ അഴിമതി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ സർവ്വീസ് മേഖലയിൽ അഴിമതി തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ സർവീസിൽ നിന്നും അഴിമതി തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>കൈക്കൂലിയായി പണം കൈപ്പറ്റുന്നവരെ കയ്യോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ച് വരുന്നു. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും, 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിക്കുന്നു. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വി.എ.സി.ബി. സ്യൂട്ടിൽ ശേഖരിച്ച് തുടർച്ചയായി നിരീക്ഷിച്ച് വരുന്നുണ്ട്. അഴിമതി തടയുന്നതിന്റെ ഭാഗമായി വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിലേക്കായി എല്ലാ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം നടത്തി വരുന്നു. വിജിലൻസിനെ സംബന്ധിച്ച വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി വിജിലൻസ് ആസ്ഥാനത്ത് സോഷ്യൽ മീഡിയാ സെൽ പ്രവർത്തിച്ച് വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പ്രൊഫഷണലൈസ് ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ മികവ് വർധിപ്പിക്കാനുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്. പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മികച്ച ഫലങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടപ്പിലാക്കി വരുന്നു. പഴയ കേസുകൾ തീർപ്പാക്കുന്നതിനും, കേസ്സുകളുടെ അന്വേഷണം വേഗത്തിലാക്കാനും, കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനുമായി, പുതുതായി വിജിലൻസ് കോടതികൾ സ്ഥാപിക്കുകയും കേസുകളുടെ വിചാരണ നടപടികൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി നിലവിലുള്ള കോടതികളിലേയ്ക്ക് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ച് നിയമ നടപടികൾ ത്വരിതപ്പെടുന്നതിനുളള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിജിലൻസിന്റെ രഹസ്യാന്വേഷണ വിഭാഗം ഏറെ ജാഗ്രതയോടെ നടത്തിയ അന്വേഷണങ്ങളുടെ ഭാഗമായി നിരന്തരം അഴിമതിയും സ്വജനപക്ഷപാതവും ക്രമക്കേടുകളും നടത്തുന്ന ഉദ്യോഗസ്ഥരെ നിരീക്ഷിച്ച് വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 255 സർക്കാർ ജീവനക്കാർക്കെതിരെയാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ